പവർലൂമിൽ ഉൽപ്പാദിപ്പിക്കുന്നതുകൊണ്ട് കൈത്തറി വ്യവസായത്തിന് വിഷമമുണ്ടാവുന്നുണ്ട്. അതുകൊണ്ട് ഇത്തരം കാര്യങ്ങളിലൊക്കെ ഗൗരവമായ ശ്രദ്ധയും ഇടപെടലും ആവശ്യമാണെന്ന് അഭ്യർത്ഥിച്ചു കൊണ്ട് നിർത്തുന്നു.

വ്യവസായവും മൃനിസിപ്പാലിറ്റിയും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, കൈത്തറിത്തൊഴിലാളികളെ ബാധിക്കുന്ന ഒട്ടേറെ പ്രശ്നങ്ങളിലേയ്ക്കാണ് ബഹുമാനപ്പെട്ട മെമ്പർ ശ്രദ്ധക്ഷണിച്ചത്. അദ്ദേഹം പറഞ്ഞതുപോലെ 15-3-1995-ൽ റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. അതു സംബന്ധിച്ച് കുറച്ച് കാലതാമസമുണ്ട്. കാരണം, ഈ ക്ഷേമനിധി ബോർഡൊക്കെയാണ് ഇതു സംബന്ധിച്ചുള്ള പണം തരുന്നത്. അതുകൊണ്ടൊക്കെയുള്ള സാമ്പത്തിക പ്രശ്നങ്ങളാണുള്ളത്. കാലതാമസം ഒഴിവാക്കി ഇതു സംബന്ധിച്ചുള്ള ശുപാർശകൾ വളരെവേഗം നടപ്പിലാക്കാൻ ഈ ഗവൺമെൻറ് വേണ്ടത് ചെയ്യുന്നതാണ്. ഈ കാലതാമസം ഒഴിവാക്കാൻവേണ്ടിയുള്ള അടിയന്തിര നടപടികൾ എടുക്കാമെന്നാണ് എനിക്ക് ഇതു സംബന്ധിച്ച് പറയാനുള്ളത്. അതുപോലെ തന്നെ ഇവിടെ ഉന്നയിച്ച ഓരോ പ്രശ്നങ്ങളെ സംബന്ധിച്ചുള്ള ശുപാർശകളും നടപ്പിലാക്കുന്നതാണ്.

സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ പെൻഷൻ, കേന്ദ്രാവിഷ്കൃത പദ്ധതിയുടെ കാര്യങ്ങൾ എന്നിവയോട് യോജിക്കുകയും വളരെവേഗം അവ നടപ്പിലാക്കാനുള്ള നടപടികൾ എടുക്കുകയും ചെയ്യുമെന്ന് ഞാൻ ഇതിനു മറുപടിയായി പറയുന്നു.

(16) സംസ്കൃത സർവ്വകലാശാലയുടെ സബ്സെൻറർ കൊടുമണ്ണിൽ സ്ഥാപിക്കണമെന്ന ആവശ്യം

ശ്രീ. എ. പത്മകുമാർ: സർ, സംസ്കൃത സർവ്വകലാശാലയുടെ ഒരു സെൻറർ എൻറെ നിയോജകമണ്ഡലത്തിലെ കൊടുമണ്ണിൽ സ്ഥാപിക്കുന്നതിനുള്ള തീരുമാനം സർവ്വകലാശാല എടുത്തിട്ടുണ്ട്. അത് അടിയന്തിരമായി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള സഹായം ഗവൺമെൻറിൻറെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. സംസ്കൃതത്തിലെ ആദ്യത്തെ നാടകമായ ''ആശ്ചര്യ ചൂഡാമണി''യുടെ കർത്താവായിട്ടുള്ള ശക്തിഭദ്രൻറെ നാടാണ് കൊടുമൺ. അതുകൊണ്ടു തന്നെ കൊടുമണ്ണിൽ ഈ സെൻറർ സ്ഥാപിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സെൻറർ ആരംഭിക്കുന്നതിനുള്ള 5 ഏക്കർ ഭൂമി അവിടത്തെ പഞ്ചായത്തിൻറെ നേതൃത്വത്തിൽ എടുക്കുന്നതിനുവേണ്ടി തീരുമാനിച്ചിട്ടുണ്ട്. അവിടത്തെ എല്ലാ രാഷ്ട്രീയ കക്ഷിയിലുംപെട്ട ജനങ്ങളുടെ യോഗം അവിടെ വിളിച്ചുകൂട്ടിയിരുന്നു. അതിനുവേണ്ടി വളരെ സന്തോഷത്തോടുകൂടിയുള്ള പ്രവർത്തനമാണ് ആ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്നത്. ഗവൺമെൻറ് അത് തുടങ്ങുന്നതിനുവേണ്ടിയുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, ബഹുമാനപ്പെട്ട മെമ്പറുടെ ഈ സബ്മിഷൻ കിട്ടിയപ്പോൾ സംസ്കൃത യൂണിവേഴ്സിറ്റിയുടെ ആളുകളുമായിട്ട് സംസാരിക്കുകയുണ്ടായി. സത്യത്തിൽ അത് ഗവൺമെൻറ് നേരിട്ട് ചെയ്യേണ്ട കാര്യമല്ല. സംസ്കൃത

LIBRARY ARCHIVES Kerala Legislative Assembly

യൂണിവേഴ്സിറ്റി, യൂണിവേഴ്സിറ്റി എന്നുള്ള നിലയിലാണ് ചെയ്യേണ്ടത്. ശങ്കരാചാര്യരുടെ ജന്മസ്ഥലമായ കൊടുമണ്ണിൽ ഇത് സ്ഥാപിക്കണമെന്നാണ് ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്ടത്. പത്തനംതിട്ട ജില്ലയിലെ തിരുവല്ലയിലാണ് ഇപ്പോൾ ഇത് സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളത്. തിരുവല്ലയിൽ നിന്ന് മാറേണ്ട കാര്യമില്ല. എങ്കിലും ഈ കാര്യം വളരെ പ്രസക്തമാണ്. ശങ്കരാചാര്യരുടെ ജന്മസ്ഥലത്ത് ഒരു സെൻറർ സ്ഥാപിക്കാവുന്നതേയുള്ളൂ. പുതിയതായി ഒരു സെൻറർ കൊടുക്കുന്ന സമയത്ത് ഈ കാര്യം പ്രത്യേകമായി പരിഗണിക്കണമെന്ന് യൂണിവേഴ്സിറ്റിയോടും ഗവൺമെൻറ് ആവശ്യപ്പെടുന്നതാണെന്ന് ഞാൻ അറിയിക്കുകയാണ്.

(17) കേരളത്തിലെ വിദ്യാഭ്യാസ പ്രശ്നങ്ങൾ

ശ്രീ. ടി. ശിവദാസ മേനോൻ: സർ, ഒരു അടിയന്തിര പ്രമേയത്തിലൂടെയോ അല്ലെങ്കിൽ ഒരു ശ്രദ്ധക്ഷണിക്കലിലൂടെയോ അവതരിപ്പിക്കേണ്ട ഒരു സുപ്രധാന പ്രശ്നമാണ് ഞാൻ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. കേരളത്തിലെ അദ്ധ്യാപക സംഘടനകൾ, എ. കെ. ജി. സി. ടി. എ., എ. കെ. പി. സി. ടി. എ. തുടങ്ങിയ സംഘടനകൾ രണ്ട് ലക്ഷം അദ്ധ്യാപകരുടെ ഒപ്പ് ശേഖരിച്ച് കാസർഗോഡ് മുതൽ പാറശ്ശാല വരെ നടത്തിയ ജാഥ ഇന്ന് ഇവിടെ എത്തുകയാണ്. ഇപ്പോൾ ഈ ഗവൺമെൻറിനെ കുറ്റവിചാരണ ചെയ്തുകൊണ്ട് ഒരു ചാർജ് ഷീറ്റ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കൈയിൽ കൊടുക്കുകയാവും. അതിൽ പ്രധാനമായി പറഞ്ഞിട്ടുള്ള പോയിൻറ്സ് വിശദീകരണമില്ലാതെ ഈ സഭയിൽ ഉന്നയിക്കേണ്ടത് ആവശ്യം മാത്രമാണെന്നുള്ളതുകൊണ്ടാണ് ഈ ഗൗരവമായ പ്രശ്നം ഉന്നയിക്കുന്നത്.

സർ, നമ്മുടെ ബജറ്റിലെ വലിയൊരു തുക ചെലവഴിക്കുന്നത് വിദ്യാഭ്യാസത്തിനാണ്. ചരിത്രപരമായ കാരണങ്ങളാലും മെഷിനറികളുടെ വർക്കുകൊണ്ടും മറ്റു പലരുടെയും സംഭാവന കൊണ്ടും കേരളം വിദ്യാഭ്യാസ രംഗത്ത് മുന്നിലാണ്. ഇവിടെ സർക്കാർ സ്കൂളുകളായാലും പ്രൈവറ്റ് മേഖലയിലുള്ള സ്കൂളുകളിലായാലും കഴിഞ്ഞ പത്ത് മുപ്പത് വർഷമായി സൗജന്യ വിദ്യാഭ്യാസം കൊടുക്കുകയാണ്. 1950-ൽ നിലവിൽ വന്ന നമ്മുടെ ഇൻഡ്യൻ കോൺസ്റ്റിറ്റ്യൂഷനിലെ മാർഗ്ഗനിർദ്ദേശതത്വമനുസരിച്ച് ആറ് തൊട്ട് പതിനാല് വരെയുള്ള ഏജ് ഗ്രൂപ്പിന് സൗജന്യ വിദ്യാഭ്യാസം കൊടുക്കണം. അതുപോലെതന്നെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ, പ്രൈവറ്റ് മേഖലയിലായാലും ഗവൺമെൻറ് മേഖലയിലായാലും കുട്ടികളെ എടുക്കുന്നത് മെരിറ്റിലാണ്. പ്രൈവറ്റ് മേഖലയിൽ 15 ശതമാനം മാനേജ്മെൻറ് ക്വാട്ടയുണ്ട്. ബാക്കിയൊക്കെ മെരിറ്റിലാണ്. പിന്നോക്ക സമുദായക്കാർക്ക് ഒ. ബി. സി. ലിസ്റ്റ് വേറെയുണ്ട്. ഇങ്ങനെയെല്ലാം വിദ്യാഭ്യാസരംഗത്ത് കറകളഞ്ഞ സംസ്ഥാനമായിരുന്നു കേരളം.

സർ, താഴെപ്പറയുന്ന പതിനൊന്ന് ചാർജുകളാണ് അവർ ഈ ഗവൺമെൻറിനെതിരായി ഉന്നയിക്കുന്നത്.

(1) കേരളത്തിൻറെ സമ്പൂർണ്ണ സാക്ഷരതാപദ്ധതി. കേരളം സമ്പൂർണ്ണ സാക്ഷരതയുള്ള ഒരു സംസ്ഥാനമായി Census–1991 ഡിക്ലയർ ചെയ്തതാണ്. ഇതിൻറെ തുടർ പ്രവർത്തനം പാടെ ഈ ഗവൺമെൻറ് തകർത്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly